Talented Bankers Literary Panel
പുസ്തക പരിചയം 196.

ദൽഹി ഗാഥകൾ
എം മുകുന്ദൻ

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ തൃശൂർ.

വീരഗാഥകൾ അല്ല, ക്രൂര ഗാഥകൾ

പ്രിയ എഴുത്തുകാരൻ M മുകുന്ദൻ
1960 മുതൽ ഡൽഹിയിൽ സ്ഥിരതാമസമാണ്. അദ്ദേഹം പത്തുവർഷം മുമ്പെഴുതിയ ഈ കൃതി ഡൽഹിയിലെ 1960 മുതൽ 90 വരെയുള്ള യഥാർത്ഥ്യങ്ങളെ ഗാഥകളാക്കി നമുക്ക് മുമ്പിൽ അവതരിപ്പിക്കുകയാണ്, ഏകദേശം 500 പേജുകളിൽ.

ഒട്ടേറെ രാജവംശങ്ങളും സാമ്രാജ്യങ്ങളും ആസ്ഥാനമാക്കിയ പുരാതന പട്ടണം.. ബ്രിട്ടീഷുകാർ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തലസ്ഥാന നഗരമായി തെരഞ്ഞെടുത്ത നമ്മുടെ ഡൽഹിയുടെ സ്വാതന്ത്ര്യാനന്തര ചരിത്രമാണ് ഈ നോവൽ.

1962ലെ ഇന്ത്യ ചൈന യുദ്ധ പശ്ചാത്തലത്തിൽ തുടങ്ങുന്ന നോവൽ പിന്നീട് നടന്ന രണ്ട് ഇന്ത്യ പാക് യുദ്ധങ്ങളും, അടിയന്തിരാവസ്ഥയും, ഇന്ദിരാഗാന്ധി വധത്തിനുശേഷം നടന്ന സിഖ് കൂട്ട കൊലയുമെല്ലാം അതിന്റെ എല്ലാ വേദനകളോടും ക്രൂരതകളോടും കൂടി നമ്മുടെ മുന്നിലെത്തുന്നു. ആ സമയം ഡൽഹിയിലെത്തുന്ന സഹദേവൻ എന്ന മലയാളി യുവാവിന്റെ കണ്ണിലൂടെ ഇവയെല്ലാം ഡൽഹിയെ എങ്ങനെ ബാധിക്കുന്നു എന്നതിന്റെ നേർക്കാഴ്ചകളാണ് ഈ നോവലിന്റെ ഇതിവൃത്തം.

മൂന്നു യുദ്ധങ്ങളുടെ യാതനകൾ, അഭയാർത്ഥി പ്രവാഹങ്ങൾ, അടിയന്തിരാവസ്ഥ സമയത്ത് സഞ്ജയ് ഗാന്ധി ഡല്ഹിയെമോടിപിടിപ്പിക്കുവാന് വേണ്ടി തുർക്കുമാന് ഗെയിറ്റില് നടത്തിയ കൂട്ടക്കൊല, ബുൾഡോസർ ഉപയോഗിച്ചുള്ള ഇടിച്ചുനിരത്തലുകൾ, അന്നത്തെ അറസ്റ്റുകൾ, കൊടിയ മർദ്ദനങ്ങൾ, നിർബന്ധ വന്ധ്യംകരണങ്ങൾ.. 6000ത്തോളം പേർ മരിച്ച സിഖ് കൂട്ടക്കൊല....
ചരിത്രം വായിച്ചറിയാൻ ശ്രമിക്കാതെ ചാച്ചാ നെഹ്റുവിന്റെ മടിയിൽ നിന്നും നേരെ സിംഹാസനത്തിൽ വന്നിരുന്നത് ആയിരുന്നു പ്രിയദർശിനി

കാണിച്ച അബദ്ധമെന്ന് നോവലിസ്റ്റ് പറയുന്നു. ചരിത്രത്തിൽ വീണുകിടക്കുന്ന സ്വന്തം നിഴലിനെ പോലും തിരിച്ചറിയാൻ അവർക്ക് കഴിയാതെ പോയി.

ഇതിനെല്ലാം പുറമേ വലിയൊരു ഭാഗം മാറ്റി വെച്ചിരിക്കുന്നത് വിശപ്പിന്റെ രാഷ്ട്രീയത്തിനാണ്.

കൊടിയ വേനലിലും ശൈത്യത്തിലും തണലോ പുതപ്പോ കിട്ടാതെ വിശന്നു നടക്കുന്ന ആയിരങ്ങളുടെ കഥകൾ കൂടിയാണിത്. ദാരിദ്ര്യവും രോഗങ്ങളും തളർച്ചയുമായി പാതയോരങ്ങളിലും മരച്ചുവടുകളിലും നെഞ്ചിൻകൂട് മാത്രമായി നിൽക്കുന്ന ഒരുപാട് ദരിദ്രരുടെയും യാചകാരുടെയും കഥകൾ... അതിനിടയിലെ ജാതിമത വിവേചനങ്ങൾ, ലിംഗ അസമത്വം, ഉത്തരേന്ത്യക്കാരുടെ പെൺകുട്ടികൾ വേണ്ടെന്നുള്ള നിലപാടുകൾ, സ്ത്രീധന സമ്പ്രദായങ്ങൾ....എല്ലാം ഇതിൽ കടന്നു വരുന്നു.

60-70 കാലങ്ങളിൽ ഗോതമ്പു പാടങ്ങളും കോളിഫ്ലവറുകളും നിറഞ്ഞ ദില്ലിയിലെ ഒരുപാട് പ്രദേശങ്ങളിൽ ബഹുനിലകെട്ടിടങ്ങൾ ഉയരുമ്പോൾ അവിടുത്തെ ഗ്രാമീണർ പുതിയ മേച്ചിൽ പുറങ്ങൾ തേടി യമുനാ നദിക്ക് അക്കരെ പോകുന്ന കാഴ്ചകളും നമുക്കിതിൽ കാണാം.

ഒഎൻവി കുറുപ്പ് പറഞ്ഞതുപോലെ, ഒരു മോഡേൺ ഇന്ത്യൻ ക്ലാസിക് തന്നെയാണ് ദൽഹി ഗാഥകൾ.

ഡി സി ബുക്സ്
വില : Rs. 525/-